# എൽആർസി ചരിത്ര സെമിനാർ സമാപിച്ചു



കൊച്ചി: സീറോ–മലബാർ സഭയുടെ പഠനകേന്ദ്രമായ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ (എൽആർസി) നേതൃത്യത്തിൽ "വർത്തമാനപ്പുസ്തകം" എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള 57-ാമത്തെ സെമിനാർ കാക്കനാട് മൗ ് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു.

ഭാരതീയഭാഷകളിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥങ്ങളിലൊന്നായ വർത്തനാമപ്പുസ്തകം പ്രാചീനമലയാളസാഹിത്യത്തിന്റെ അനർഘനിധിയാണെന്നും മാതൃസഭയോടുള്ള സ്നേഹത്തിൽ വളരാനും വചനാനുസൃതജീവിതം നയിക്കാനും ഈ ഗ്രന്ഥം അനേകർക്ക് പ്രചോദനമാണെന്ന് കർദിനാൾ പറഞ്ഞു. ചടങ്ങിൽ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ഭാരതത്തിലെ മാർത്തോമ്മാനസ്രാണികളുടെ സ്വാതന്ത്ര്യസമരത്തിന്റെ ആവിഷ്കാരമാണ് വർത്തമാനപ്പുസ്തകമാംണെന്ന് അദേഹം പറഞ്ഞു.

18-ാം നൂറ്റാ ിലെ ഭാരതനസ്രാണി സഭയുടെ യഥാർത്ഥ മുഖം പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് വർത്തനാമപ്പുസ്തകമെന്ന് എൽആർസി ചെയർമാൻ ബിഷപ് മാർ പോളി കണ്ണൂക്കാടൻ സമാപ നസന്ദേശവും നല്കി.

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. വർഗീസ് പാലത്തിങ്കൽ, റവ. ഡോ. പയസ് മലേക്ക ത്തിൽ, റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുക്കുന്നേൽ, റവ. ഡോ. ഡൊമിനിക് വെച്ചൂർ, റവ. ഡോ. ജോസ് വലിയമംഗലം, റവ. ഡോ. ജോസഫ് കൊല്ലാറ,

റവ. ഡോ. ഫ്രാൻസിസ് തോണിപ്പാറ, പ്രൊഫ. കുര്യാസ് കുമ്പളക്കുഴി, പ്രൊഫ. കെ. വി. ജോസഫ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

റവ. ഫാ. ഇഗ്നേഷ്യസ് പയ്യപ്പള്ളി, റവ. ഫാ. ജിഫി മേക്കാട്ടുകുളം, റവ. ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളി, റവ. ഫാ. വർഗീസ് കോച്ചേരി, പ്രൊഫ. ജോസഫ് റ്റിറ്റോ എന്നിവർ മോഡെറേറ്റർമാരായിരുന്നു. സെമിനാറിന് എൽആർസി ചെയർമാൻ ബിഷപ് മാർ പോളി കണ്ണൂക്കാടൻ, എപ്പിസ്കോപ്പൽ മെമ്പർ ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ജോജി കല്ലിങ്ങൽ, റവ. ഡോ. നോബിൾ മണ്ണാറത്ത്, റവ. സി. ജോയിന എംഎസ്ജെ, ബോർഡ് ഓഫ് മെമ്പേഴ്സ് റവ. ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളി, റവ. ഡോ. ജോസഫ് കൊല്ലാറ എന്നിവർ നേതൃത്വം നല്കി.